അവാർഡ് നേടുന്ന സ്കൗട്ട്സ് ആന്റ് ഗൈഡ്സിനും പ്രൊഫഷണൽ കോഴ്സുകളിൽ നിശ്ചിത എണ്ണം സീറ്റുകൾ സംവരണം ചെയ്യാമെന്ന ഉറപ്പ് നടപ്പാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) മെരിറ്റ് വിഭാഗത്തിലും റിസർവേഷൻ വിഭാഗത്തിലും ലഭ്യമായ സീറ്റുകളുടെ എണ്ണത്തിൽ കുറവ് വരുമെന്ന കാരണത്താൽ ഈ നിർദ്ദേശം നടപ്പിലാക്കുന്ന കാര്യം തൽക്കാലം സർക്കാരിന്റെ പരിഗണനയിലില്ല.

ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി നവീകരിക്കുന്ന എഞ്ചിനീയറിംഗ് കോളേജുകൾ

69 (2928) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാരിന്റെ ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി ഏതെല്ലാം എഞ്ചിനീയറിംഗ് കോളേജുകളാണ് നവീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ;

(ബി) ഇതിന് എത്ര രൂപയുടെ കേന്ദ്ര സഹായമാണ് ലഭിക്കുന്നത് ; ഒരോ എഞ്ചിനീയറിംഗ് കോളേജിനും എത്ര രൂപയാണ് ലഭിക്കുവാൻ സാദ്ധ്യത എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) തിരുവനന്തപുരം ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, ഐ.എച്ച്.ആർ.ഡി. സ്ഥാപനങ്ങളായ ചെങ്ങന്നൂർ എഞ്ചിനീയറിംഗ് കോളേജ്, മോഡൽ എഞ്ചിനീയറിംഗ് കോളേജ് (എറണാകുളം), എൽ. ബി. എസ്സിന്റെ സ്ഥാപനമായ എൽ.ബി.എസ്. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, (കാസർഗോഡ്), കെ.എസ്.ആർ.ടി.സി.-യുടെ നിയന്ത്രണത്തിലുള്ള എസ്.സി.റ്റി. കോളേജ് (തിരുവനന്തപുരം), മൈനോറിറ്റി സ്ഥാപനമായ എം.ഇ.എസ്. കോളേജ് (കുറ്റിപ്പുറം) എന്നിവയാണ് നവീകരിക്കുവാൻ ഉദ്ദേശിക്കുന്നത്.

(ബി) ലീഡ് സ്ഥാപനമായി തെരഞ്ഞെടുക്കപ്പെട്ട തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിന് 5 വർഷത്തേക്ക് 50-60 കോടി രൂപയും മറ്റ് നെറ്റ് വർക്ക് സ്ഥാപനങ്ങൾക്ക് 10-12 കോടി രൂപയും ലഭിക്കാൻ സാദ്ധ്യതയുണ്ട്. ആകെ 100 മുതൽ 120 കോടി രൂപയുടെ സഹായമാണ് പ്രതീക്ഷിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly